സ്വയംവരം

• നളിനി ശശിധരൻ

വല്ലികളുടെ രാജാവായ വീരവന്റെയും സുമാലിയുടെയും മകളായിരുന്നു സുന്ദരിയായ വരമാല. മകൾക്കു വിവാഹപ്രായമായപ്പോൾ അവൾക്കനുയോജ്യനായ ഒരു വരനെ കണ്ടെത്താൻ പിതാവ് തീരുമാനിച്ചു. സ്വയംവരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. അന്നാട്ടിലെ കഴിവും സൗന്ദര്യവുമുള്ള എല്ലാ ചെറുപ്പക്കാരെയും സ്വയംവരത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു. സുന്ദരനും ദൃഢഗാത്രനുമായ ചിമ്പനുതന്നെ വരണമാല്യം ലഭിക്കുമെന്ന് എല്ലാവരും പറഞ്ഞു.

ചിമ്പന്റെ അയൽക്കാരനായ വിരാടന് എങ്ങനെയും വരമാലയെ സ്വന്തമാക്കണമെന്ന് മോഹമായി. തനിക്കും നല്ല സൗന്ദര്യവും ആരോഗ്യവുമുണ്ട്. എന്നാൽ ചിമ്പനോളം താൻ വരില്ലയെന്ന് അവന് നല്ല ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് തന്റെ ലക്ഷ്യം സാധിക്കണമെങ്കിൽ ചിമ്പനെ ഒഴിവാക്കിയേ തീരു.

അവൻ പലതും ആലോചിച്ചു. ഒടുവിൽ തന്റെ ഉറ്റമിത്രമായ ജലന്തനോട് സഹായം അഭ്യർത്ഥിച്ചു. അവൻ അല്പനേരം ആലോചിച്ചിരുന്നു. എന്നിട്ടു പറഞ്ഞു: 'എനിക്ക് ഒരുപായം തോന്നുന്നു' 'എന്താണ്'? വിരാടൻ ആകാംക്ഷയോടെ ചോദിച്ചു.

എങ്ങനെയും ചിമ്പന്റെ വാൽമുറിക്കണം. വാലില്ലാതെ അവനെ കാണാൻ ഒരു ഭംഗിയും ഉണ്ടാവില്ല. അതോടെ അവൻ സ്വയംവരത്തിൽ പങ്കെടുക്കാൻ മടിക്കും. ഇനി അഥവാ അവൻ വന്നാൽ തന്നെ വരമാല അവനെ സ്വീകരിക്കുകയുമില്ല. പിന്നെ ആവശ്യത്തിനു സൗന്ദര്യവും ഒത്ത തടിയും നിറവും ഒക്കെയുള്ള നിന്നെത്തന്നെ അവൾ ഭർത്താവായി സ്വീകരിക്കും.

സംഗതി കൊള്ളാം. പക്ഷേ അവന്റെ വാൽ എങ്ങനെ മുറിക്കും. അതാണു പ്രശ്നം. അതിനും വഴിയുണ്ട്. നീ അതൊക്കെ എനിക്കു വിട്ടുതന്നാൽ മതി. ഇന്നു രാത്രി എനിയ്ക്കൊപ്പം നീയും ഉണ്ടാകണം.

സമയം രാത്രിയായി. എല്ലാവരും ഗാഢനിദ്രയിലാണ്. കൂട്ടുകാരൻ എന്താണു ചെയ്യുന്നതെന്ന് വിരാടൻ ആകാംക്ഷയോടെ നോക്കിയിരുന്നു. ജലന്തൻ നീളമുള്ള ഒരു നൂലുമായി വന്നു. അതിന്റെ ഒരറ്റത്ത് കു





രുക്കിട്ടു. വളരെ ശ്രദ്ധയോടെ നല്ല ഉറക്കത്തിലായിരുന്ന ചിമ്പന്റെ വാൽ കുരുക്കിനുള്ളിലാക്കി. രണ്ടുപേരും ദൂരെ ചെടികൾക്കുള്ളിൽ മറഞ്ഞിരുന്നു. ജലന്തൻ നൂലിന്റെ മറ്റേ അറ്റം വലിച്ചു. ചിമ്പന്റെ വാൽ നൂലിൽ കുടുങ്ങി. അവൻ ഞെട്ടിയുണർന്നു. എന്തോ അപകടം പിണഞ്ഞെന്നു മനസ്സിലാക്കിയ ചിമ്പൻ വാൽ മുറിച്ചിട്ട് ഓടി രക്ഷപ്പെട്ടു.

ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ വിജയിച്ചതിൽ ജലന്തനു സന്തോഷമായി. അതിരാവിലെത്തന്നെ എല്ലാവരും ഉണർന്ന് യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. ചിമ്പൻ മാത്രം ദുഃഖിതനായി ഒരു മൂലയിൽ പമ്മിയിരുന്നു. ഇന്നലെവരെ എന്തു പ്രതീക്ഷയായിരുന്നു തനിക്ക്. ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് ഒരിക്കൽപ്പോലും കരുതിയില്ല. വാലില്ലാത്ത തന്നെ അവൾ തീർച്ചയായും ഇഷ്ടപ്പെടില്ല. വെറുതെപോയി നാണം കെടുന്നതെന്തിന്. അവൻ ഓരോന്നു ചിന്തിച്ചിരുന്നു.

നല്ലവണ്ണം അണിഞ്ഞൊരുങ്ങിയിട്ടാണ് വിരാടന്റെ വരവ്. ഒന്നുമറിയാത്തതുപോലെ അവൻ ചോദിച്ചു:

''ചിമ്പാ, നീ ഇതുവരെ ഒരുങ്ങിയില്ലേ? സമയം അധികമായല്ലോ. നീ വരുന്നില്ലേ... നിനക്കെന്തു പറ്റി?''

'ഇല്ല, ഞാൻ വരുന്നില്ല. എനിക്ക് ഒരബദ്ധം പിണഞ്ഞു. രാത്രി എന്റെ വാലിൽ ആരോ കടിച്ചെന്നു തോന്നി. ഞാൻ വേഗം എന്റെ വാൽ മുറിച്ചിട്ടിട്ട് രക്ഷനേടി. വാൽ ഇല്ലാത്ത ഞാൻ വന്നിട്ട് ഒരു കാര്യവുമില്ല.

പല്ലുതേപ്പ് അവരുടെ ഇടയിലും

ചിമ്പാൻസികൾ പല്ലുതേക്കാറുണ്ടെന്ന് ഈയിടെ ശാസ്ത്രജ്ഞർ കണ്ടുപിടിച്ചു. ചെറിയ മരക്കമ്പിൻ കഷ്ണം ഉപയോഗിച്ചാണത്രേ അവ പല്ല് വൃത്തിയാക്കുന്നത്. കമ്പിൻ കഷ്ണം കിട്ടിയില്ലെങ്കിൽ കൂർത്ത അറ്റമുള്ള ഇലയും അവ ഉപയോഗിക്കുന്നു.



എല്ലാവരും വെറുതെ കളിയാക്കും. വരമാലയ്ക്കും എന്നെ ഇഷ്ടമാവില്ല''

''അതു ശരിയാ'', വിരാടൻ സന്തോഷം ഉള്ളിലൊതുക്കി പറഞ്ഞു. ''വാലില്ലാത്ത നിന്നെ അവൾക്കിഷ്ടമായില്ലെങ്കിലും അവൾ ആരെയാണ് വരണമാല്യം അണിയിക്കുന്നതെന്ന് കാണുകയെങ്കിലും ചെയ്യാമല്ലോ?''

''അതുവേണ്ട. നിങ്ങൾ പൊയ്ക്കൊ'', അതുകേട്ടപ്പോൾ വിരാടന് ആശ്വാസമായി.

കൂട്ടുകാരെല്ലാം പോയിക്കഴിഞ്ഞപ്പോൾ ചിമ്പന് ഒരു മോഹം. പോയിരുന്നെങ്കിൽ വിരാടൻ പറഞ്ഞതുപോലെ അവൾ ആരെ വരിക്കുന്നുവെന്ന് കാണാമായിരുന്നു. അവൻ പിന്നെ വൈകിയില്ല. വേഗം പുറപ്പെട്ടു. പ്രത്യേകിച്ച് ഒരുക്കമൊന്നും നടത്തിയില്ല. കൊട്ടാരത്തിൽ എത്തിയപ്പോൾ അവിടെ ഒരുക്കങ്ങളെല്ലാം പൂർത്തിയായി.

അതിഥികളെല്ലാം വേദിയിൽ ഉപവിഷ്ടരായിട്ടുണ്ട്. സദസ്സിൽ ആകാംക്ഷയോടെ കാഴ്ചക്കാരും. അവൻ ഒരറ്റത്തുപോയി ഇരിപ്പുറപ്പിച്ചു. വരമാല മാതാപിതാക്കളെയും സദസ്സിനെയും വന്ദിച്ചു. പിന്നെ വരണമാല്യവുമായി വേദിയിലേയ്ക്കു കടന്നു. തോഴി വിശ്വമിത്ര ഓരോരുത്തരെയായി പരിചയപ്പെടുത്തി കടന്നുപോയി. ഇടയ്ക്ക് തോഴി അവളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. വേദിയിലിരുന്ന ആരെയും വരിക്കാൻ അവൾ തയ്യാറായില്ല.

മാതാപിതാക്കൾക്ക് ദേഷ്യവും സങ്കടവും വന്നു. അവർ നിരാശയോടെ മകളെത്തന്നെ നോക്കി നിന്നു. സദസ്യർ അത്ഭുതപ്പെട്ടു. ഇത്രയും ചെറുപ്പക്കാർ ഉണ്ടായിരുന്നിട്ടും അതിൽ ആരെയും അവൾക്കിഷ്ടമായില്ലെന്നോ?! ചിലർ പിറുപിറുത്തു. തോഴി അവളുടെ കൈപിടിച്ച് വേദിയിൽ നിന്നും ഇറങ്ങി.

നേരെ പോയത് ചിമ്പന്റെ അടുത്തേയ്ക്കാണ്. അവൾ വരണമാല്യം അവന്റെ കഴുത്തിൽ അണിയിച്ചു. സദസ്സിൽ നിന്നും ആരോ വിളിച്ചു പറഞ്ഞു: ''അയ്യേ! അവനു വാലില്ല''. കേട്ടവർ കേട്ടവർ ഏറ്റു ചൊല്ലി. ശബ്ദം ഉയർന്നപ്പോൾ രാജകുമാരി എല്ലാവരെയും രൂക്ഷമായി നോക്കി. ജലന്തൻ സ്റ്റേജിൽ നിന്നും ഉറക്കെ വിളിച്ചു പറഞ്ഞു: ''ഇത്രയും പേരുണ്ടായിട്ടും അവൾക്ക് വാലില്ലാത്തവനെയല്ലേ കിട്ടിയത്?''

''നിർത്ത്''! രാജകുമാരി ഗർജ്ജിച്ചു. ഇത് എന്റെ ഇഷ്ടമാണ്. ജീവനു ഭീഷണി ഉണ്ടാകുമ്പോൾ വാൽ മുറിച്ച് രക്ഷപ്പെടുകയെന്നത് നമ്മുടെ വർഗ സ്വഭാവമല്ലേ? രണ്ടോ മൂന്നോ ദിവസത്തിനകം വാൽകുരുത്തു തുടങ്ങും. ''നിങ്ങളാരും അതോർത്തു വിഷമിക്കേണ്ട''. വിരാടൻ ഇളിഭ്യനായി തലയും താഴ്ത്തി വേദിയിൽ നിന്നും പുറത്തേയ്ക്കിറങ്ങി. പിന്നാലെ ജലന്തനും. താൻ കണ്ടതെല്ലാം സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്നറിയാതെ ചിമ്പൻ മിഴിച്ചിരുന്നു.

◈

◆◆ ആദ്യ വനിതാ നിയമസഭാ സ്പീക്കർ – ഷാനോ ദേവി